ദേവാലയങ്ങളിൽ നടന്ന കവർച്ചകൾ

167 (4502) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ദേവാലയങ്ങളിൽ കവർച്ച നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കവർച്ച നടന്ന ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം ദേവാലയങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) ഇവിടങ്ങളിൽനിന്നും എത്ര രൂപയുടെ വസ്തുവകകൾ കവർന്നിട്ടുണ്ട്;

(ഡി) ഇതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ എത്രയെണ്ണം തീർപ്പായിട്ടുണ്ടെന്നും എത്ര കേസുകൾ അന്വേഷണത്തിൽ ആണെന്നും വ്യക്തമാക്കാമോ ;

(ഇ) കാസർഗോഡ് ജില്ലയിലെ പ്രസിദ്ധമായ കുമ്പോടത്ത് ഭഗവതീക്ഷേത്രം (വെസ്റ്റ് എം.ജി) 26-5-2015-ന് കവർച്ച ചെയ്ത വിവരം (ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കവർച്ച നടത്തിയവരെ പിടികൂടിയിട്ടുണ്ടോ ; എന്തൊക്കെ സാധനങ്ങളാണ് കവർച്ച ചെയ്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 3 (തിരുവനന്തപുരം-1, മലപ്പുറം-2) ദേവാലയ കവർച്ച കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) കവർച്ച നടന്നത് മൂന്ന് ഹിന്ദു ദേവാലയങ്ങളിലാണ് (തിരുവനന്തപുരം സിറ്റി-1, മലപ്പുറം-2).

(സി) മൂന്ന് കവർച്ചകളിലുമായി ആകെ 45,000 (നാൽപ്പത്തയ്യായിരം രൂപ) രൂപയുടെ വസ്തുവകകൾ കവർച്ച ചെയ്തിട്ടുണ്ട്.

(ഡി) ഒരു കേസ് തീർപ്പാക്കിയിട്ടുള്ളതും ടി കേസിലെ ഒരാളെ ശിക്ഷിച്ചിട്ടുള്ളതുമാണ്. ബാക്കി രണ്ട് കേസുകൾ അന്വേഷണത്തിലാണ്.

(ഇ) കാസർഗോഡ് ജില്ലയിലെ പ്രസിദ്ധമായ കുമ്പോടത്ത് ഭഗവതിക്ഷേത്രം (വെസ്റ്റ് എം. ജി.) 26-5-2015-ന് മോഷണം നടന്ന വിവരം (ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം.200/15) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോഷണം നടത്തിയ ഒന്നാം പ്രതിയേയും രണ്ടാം പ്രതിയേയും അറസ്റ്റ് ചെയ്തു. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യാനുണ്ട്. ഒരു പഞ്ചലോഹ വിഗ്രഹവും, ഒരു ഓട്ടു വിഗ്രഹവുമാണ് മോഷണം ചെയ്യപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly